# Malayala Manorama
# 28 August 2018
# Nedumbassery, After Flood, Muddy Road, Death



## പ്രളയം ചെളിക്കുണ്ടാക്കിയ റോഡിൽ ബൈക്ക് മറിഞ്ഞ് വീട്ടമ്മ മരിച്ചു

നെടുമ്പാശേരി • പ്രളയത്തിൽ ചെളിക്കുണ്ടായി മാറിയ റോഡിൽ ബൈക്ക് നിയന്ത്രണം തെറ്റി മറിഞ്ഞ് വീട്ടമ്മ മരിച്ചു. പാറക്കടവ് പഞ്ചായത്തിലെ എളവൂർ അമ്പാട്ട് ഹരികുമാറിന്റെ ഭാര്യ ഗീത (43) ആണ് മരിച്ചത്.

ഹരികുമാർ പരുക്കുകളോടെ അങ്കമാലി എൽഎഫ് ആശുപത്രിയിൽ ചികിൽസയിലാണ്. ഇന്നലെ ഉച്ചയ്ക്ക് എളവൂർ - അന്നമനട റോഡിൽ എരയാംകുടി കപ്പേളയ്ക്കു സമീപമായിരുന്നു അപകടം.

ഈ റോഡിൽ പലയിടത്തും ഒരടി വരെ ഉയരത്തിൽ ചെളിക്കുണ്ടാണ്. ഹരികുമാർ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ മൂഴിക്കുളം ലക്ഷ്മണ സ്വാമി ക്ഷേത്ര ജീവനക്കാരനാണ്.

ഗീത കൂവപ്പടി പുതിയേടത്ത് കുടുംബാംഗമാണ്. സംസ്കാരം ഇന്ന് വീട്ടുവളപ്പിൽ. മക്കൾ: ഹരിത, ഹരിപ്രസാദ്.

ഗീത.